**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7, 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം. 3411/14/തസ്വഭവ തിരുവനന്തപുരം, തീയതി: 20/12/2014

പരാമർശം:-
1) നഗരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/01/2012-ലെ പി2/2013-ാം നമ്പർ കത്ത്.
2) നഗരൂർ ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസറായ ശ്രീമതി. ജൂലി ലൂക്ക് 12/10/2012-ന് ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ച അപേക്ഷ.
3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 08/05/2013-ലെ L.F. 1520/Sp.Cell./CSC/B1/12 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റൂറൽ കമ്പോസ്റ്റ് നിർമ്മാണത്തിനായി ചെലവ് ചെയ്ത 34,000/- രൂപയും/- (മുപ്പത്തിനാലായിരം രൂപ മാത്രം) 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7 പ്രകാരം സബ്സിഡിക്ക് അർഹതയില്ലാത്ത റൂറൽ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നീ പ്രോജക്ടുകൾക്കായി ചെലവു ചെയ്ത 73,875/- രൂപയും (എഴുപത്തിമൂന്നായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ആഡിറ്റ് നിരാകരിച്ചിരുന്നു.

ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും മാലിന്യ സംസ്കരണത്തിനും ഒരേ സമയം ഉതകുന്ന മണ്ണിര കമ്പോസ്റ്റ്, റൂറൽ കമ്പോസ്റ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയത് ഗ്രാമീണ മേഖലയിലെ പച്ചക്കറി, വാഴ തുടങ്ങിയ കൃഷികൾക്ക് ആവശ്യമായ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനും കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനും സഹായമായിട്ടുണ്ടെന്നും ഗ്രാമീണ കാർഷിക മേഖലയ്ക്ക് വളരെയേറെ നേട്ടമുണ്ടാക്കിയ ടി പ്രോജക്ടുകളിലെ ഗുണകരമായ ഫലങ്ങൾ കണക്കിലെടുത്ത് നിർവ്വഹണ ഉദ്യോഗസ്ഥയെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് പഞ്ചായത്തിന്റെ 22/12/2012-ലെ III-ാം നമ്പർ തീരുമാന പ്രകാരം കൃഷി ഓഫീസറുടെ വിശദീകരണം ഉൾപ്പെടെ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ടി വിഷയത്തിൻമേൽ പരാമർശം 3 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പണം ചെലവഴിച്ചതിനാലാണ് ഓഡിറ്റിൽ ബന്ധപ്പെട്ട ചെലവുകൾ നിരാകരിച്ചത് എന്നും സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച തുകകൾക്ക് സർക്കാർ സാധൂകരണം നൽകുന്ന പക്ഷം ഓഡിറ്റ് നിരീക്ഷണം പുന:പരിശോധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 24/07/2007-ലെ G.O (M.S.)No. 183/07/LSGD നമ്പർ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവു ചെയ്തു എന്നതിനാലാണ് ആഡിറ്റ് തടസ്സം വന്നിട്ടുളളത്. പ്രസ്തുത ഉത്തരവ് പ്രകാരം കാർഷിക മേഖലയിൽ ജൈവവളം, സാധാരണ വളം, വെർമി കമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നതിന് 50% സബ്സിഡി നിരക്കിൽ മാനദണ്ഡങ്ങൾക്കു വിധേയമായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി സർക്കാർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പോസ്റ്റ് ജൈവവളമെന്നതിൽ ഉൾപ്പെട്ടുമെന്നതിനാൽ പ്രസ്തുത തുക ചെലവഴിച്ചത് സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ്. 50% മാത്രമേ സബ്സിഡി നൽകാവൂ എന്നതും സബ്സിഡി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ പണമായി നൽകാൻ പാടില്ല എന്നതുമായ സർക്കാർ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പദ്ധതി വളരെ കാര്യക്ഷമമായി നടപ്പിലാക്കിയതായി പഞ്ചായത്ത് ഭരണസമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08, 2008-09 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ യഥാക്രമം 3.2, 3.7 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് നിരാകരിച്ച യഥാക്രമം 34,000/- (മുപ്പത്തിനാലായിരം രൂപ മാത്രം) രൂപ, 73,875/- (എഴുപത്തിമൂന്നായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപ എന്നീ തുകകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നഗരൂർ ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ